**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – പതിനൊന്നാംപദ്ധതി ജനകീയാസൂത്രണം – 2008–09 വാർഷിക പദ്ധതിയും രണ്ടാംഘട്ട പ്രോജക്ടുകളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ(സാധാ) നമ്പർ. 1808/2008/തസ്വഭവ തിരുവനന്തപുരം, തീയതി: 26.06..2008

---

പരാമർശം: 1. 06.03.2008–ലെ സ.ഉ.(എം.എസ്) 65/2008/തസ്വഭവ നമ്പർ ഉത്തരവ്
2. 31.03.2008–ലെ സ.ഉ.(എം.എസ്)103/2008/തസ്വഭവ നമ്പർ ഉത്തരവ്
3. 31.04.2008–ലെ സ.ഉ.(സാധാ) 1297/2008/തസ്വഭവ നമ്പർ ഉത്തരവ്
4. 22.05.2008–ലെ 33374 ഡി.എ.1/2008/തസ്വഭവ നമ്പർ സർക്കുലർ.

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ ശേഷിക്കുന്ന ഭാഗം, മൂന്ന് ഘട്ടങ്ങളിലായി തയ്യാറാക്കണമെന്നാണ് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിട്ടുള്ളത്. ഒന്നാം ഘട്ടമായി ചില മേഖലകൾക്ക് മാത്രം 2008–09–ലെ പ്രോജക്ടുകൾ തയ്യാറാക്കുകയും രണ്ടാം ഘട്ടമായി 2008–09 ലെ പൂർണ്ണ വാർഷിക പദ്ധതി തയ്യാറാക്കുകയും മൂന്നാം ഘട്ടമായി പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയാക്കുകയും ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഘട്ട പ്രോജക്ടുകൾക്ക് 2008 ഏപ്രിൽ 15–നകവും 2008–09 വാർഷിക പദ്ധതിക്ക് ജൂൺ 30–നകവും പതിനൊന്നാം പഞ്ചവൽസര പദ്ധതിക്ക് സെപ്റ്റംബർ 30–നകവും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടണമെന്നാണ് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 2008–09 വാർഷിക പദ്ധതിയിലെ സ്പിൽഓവർ പ്രോജക്ടുകൾ കണ്ടെത്തി ഒന്നാംഘട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ഒന്നാംഘട്ട പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്നതിനുള്ള സമയം പരാമർശം 2,3,4 എന്നിവ പ്രകാരം മേയ് 31 വരെ ദീർഘിപ്പിച്ചിരുന്നു.

പരാമർശം ഒന്ന് പ്രകാരം നിശ്ചയിച്ചിട്ടുള്ള കലണ്ടർ അനുസരിച്ച് 2008–09 വാർഷിക പദ്ധതിക്കും രണ്ടാംഘട്ട പ്രോജക്ടുകൾക്കും ജൂൺ 30–നകം അംഗീകാരം നേടേണ്ടതുണ്ട്. എന്നാൽ ഒന്നാം ഘട്ട പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം നേടുന്നതിൽ കാലതാമസം നേരിട്ടതിനാൽ ആസൂത്രണ നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കി ജൂൺ–30–നകം പദ്ധതിക്ക് അംഗീകാരം നേടാൻ കഴിയുകയില്ലെന്നും അതിനാൽ തീയതി ദീർഘിപ്പിക്കണമെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച് 2008–09 വാർഷിക പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച് ചുവടെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പരിഷ്കരിച്ച ഫോറങ്ങളിൽ തയ്യാറാക്കിയ രണ്ടാംഘട്ട പ്രോജക്ടുകളും 2008–09 വാർഷിക പദ്ധതിയും 2008 ജൂലൈ 21–നകം ഇലക്ട്രോണിക് രൂപത്തിൽ ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് സമർപ്പിക്കണം. ടി.എ.ജി. യുടെ ചുമതലയിൽ പ്രോജക്ട് ക്ലിനിക് നടത്തി ന്യൂനതകൾ പരിഹരിക്കൽ, പദ്ധതി പരിശോധന, അംഗീകാരം എന്നിവയ്ക്ക് ഓരോ തലത്തിലെ തദ്ദേശഭരണ സ്ഥാപനത്തിന്റെ കാര്യത്തിലും ജില്ലാ ആസൂത്രണ സമിതി കലണ്ടർ നിശ്ചയിച്ച് അതുപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പദ്ധതികൾക്ക് ആഗസ്റ്റ് 5–നകവും ജില്ലാ പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയും പദ്ധതി സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് പരിശോധിച്ചതിനുശേഷം ആഗസ്റ്റ് 10–നകവും അംഗീകാരം നൽകുന്ന തരത്തിലായിരിക്കണം കലണ്ടർ നിശ്ചയിക്കേണ്ടത്.

തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതിയും പ്രോജക്ടുകളും പൂർണ്ണമാക്കി ഒറ്റത്തവണയായി തന്നെ സമർപ്പിക്കണം. ടി.എ.ജി.ക്ക് പദ്ധതി സമർപ്പിക്കേണ്ട അവസാന തീയതി മാൻഡേറ്ററി ആണ്. അതിന് മാറ്റം വന്നാൽ; അതായത് ജൂലൈ 21–നകം ടി.എ.ജി. ക്ക് പദ്ധതി സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2008–09 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വികസനഫണ്ട് വിഹിതത്തിന്റെ 25 ശതമാനം തുക നഷ്ടപ്പെടുന്നതാണ്. ആ തുക പൊതുവിഭാഗം ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്നതാണ്.

ഗവർണറുടെ ഉത്തരവിവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. നഗരകാര്യ ഡയറക്ടർ
12. പബ്ലിക് റിലേഷൻസ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
13. മുഖ്യ നഗരാസൂത്രകൻ
14. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
17. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
19. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
29. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
31. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ